(ഡി) ലഭിക്കുന്ന വനഭൂമിക്ക് പകരം ഭൂമി നൽകണമെന്ന് നിബന്ധനയുണ്ട്. ഇതിനായി ഇടുക്കി ജില്ലയിലെ കമ്പക്കല്ല് പ്രദേശത്ത് 305 ഏക്കർ റവന്യൂ പുറമ്പോക്ക് ഭൂമി നൽകാൻ സർക്കാർ തീരുമാനമായിട്ടുണ്ട്.

(ഇ) ഉണ്ട്.

നൂറനാട്-പടനിലം പരബ്രഹ്മക്ഷേത്രം ശബരിമല ഇടത്താവളമാക്കാൻ നടപടി

275 [1229] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യതിരുവിതാംകൂറിലെ വളരെ പ്രശസ്തമായ നൂറനാട്-പടനിലം പരബ്രഹ്മക്ഷേത്രം ശബരിമലയുടെ ഇടത്താവളമായി പ്രഖ്യാപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ വന്നതിനുശേഷം എത്ര ഇടത്താവളങ്ങൾ പ്രഖ്യാപിച്ചു;

(സി) നൂറനാട് പടനിലം ക്ഷേത്രത്തെ അടുത്ത ശബരിമല സീസണ് മുൻപ് ഇടത്താവളമായി പ്രഖ്യാപിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ), (ബി) & (സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലാണ് ഇടത്താവളങ്ങൾ പ്രവർത്തിക്കുന്നത്. നൂറനാട് പടനിലം പരബ്രഹ്മ ക്ഷേത്രം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രമല്ലാത്തതിനാൽ ഇടത്താവളമായി പ്രഖ്യാപിക്കുവാൻ കഴിയുകയില്ല. ഈ സർക്കാർ വന്നതിനുശേഷം 19 ക്ഷേത്രങ്ങളെ ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡിൽ നിന്നും ഹിന്ദു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാൻ നടപടി

276 [1230] *ശ്രീ. ടി. എൻ. പ്രതാപൻ:*

,, *കെ. എ. ചന്ദ്രൻ:*

,, *എം. മുരളി:*

,, *ജോർജ് ജെ. മാത്യു:*

,, *പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡുകൾ ഹിന്ദു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം;

LIBRARY ARCHIVES Kerala Legislative Assembly